വ്യാജ ലോട്ടറി വിൽക്കുന്നവർക്കെതിരെ നടപടികൾ

126 (2604) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ ലോട്ടറി വിൽക്കുന്നവർക്കെതിരെ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) ഇതു സംബന്ധിച്ച് ക്രിമിനൽ കേസുകൾ എടുത്തിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) വ്യാജലോട്ടറി നടത്തിപ്പ് ശ്രദ്ധയിൽപ്പെട്ടപ്പോഴൊക്കെ കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്യസംസ്ഥാന ലോട്ടറികളുടെ നിയമലംഘനത്തിനെതിരെ സാദ്ധ്യമായ സന്ദർഭങ്ങളിലെല്ലാം നികുതി നിഷേധിക്കുകയും, രജിസ്ട്രേഷൻ റദ്ദാക്കാൻ നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. 2006-ൽ അന്യസംസ്ഥാന ലോട്ടറികളുടെ നിയമലംഘനം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുകയും ഇതിന്റെയടിസ്ഥാനത്തിൽ അവയുടെ രജിസ്ട്രേഷൻ റദ്ദാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു. സംസ്ഥാനം നടപടി സ്വീകരിക്കുന്ന ഓരോ ഘട്ടത്തിലും ഇവയുടെ നിയമലംഘനത്തിനെതിരെ നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനാണ് അധികാരമെന്ന് സുപ്രീം കോടതി അടക്കം വിധിച്ചിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ രേഖകളും സഹിതം ഇവയുടെ നിയമലംഘനം സംബന്ധിച്ച് കേന്ദ്ര സർക്കാരിന് നിവേദനം നൽകുകയും നടപടി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ കൃത്യമായ യാതൊരു നടപടിയും സ്വീകരിക്കാൻ തയ്യാറായിട്ടില്ല. സംസ്ഥാന സർക്കാർ ഇപ്പോഴും നിയമയുദ്ധം തുടരുകയാണ്. 1998-ൽ നിലവിൽ വന്ന കേന്ദ്ര ലോട്ടറി റെഗുലേഷൻ നിയമത്തിന് ചട്ടങ്ങൾ നിലവിൽ വരുന്നത് 1-4-2010-ൽ മാത്രമാണ്. ഈ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരമുള്ള വസ്തുതകൾ ഹാജരാക്കുവാൻ പ്രൊമോട്ടർമാരോട് നിഷ്കർഷിച്ചു കൊണ്ടുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കേരള ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് നിയമത്തിലും ചട്ടങ്ങളിലും ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഇതിനു പുറമേ ലോട്ടറി വിഷയത്തെ സംബന്ധിച്ച് ശ്രീ. സിബി മാത്യൂസ്, പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ (ഇന്റലിജൻസ്) ന്റെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ്സെല്ലും സർക്കാർ രൂപീകരിച്ചു. ഈ മോണിട്ടറിംഗ്സെല്ലിൽ ലോട്ടറി സംബന്ധമായ അന്വേഷണത്തെപ്പറ്റിയുള്ള മേൽനോട്ടം വഹിക്കൽ, സംസ്ഥാനത്തിനകത്ത് കടത്തുന്ന ലോട്ടറി ടിക്കറ്റിന്റെ സംഭരണം, വിതരണം, വിൽപ്പന, എന്നിവ ലോട്ടറി റെഗുലേഷൻ ആക്ട്, റൂൾ പേപ്പർ ലോട്ടറീസ് ആക്ട്, നിയമം എന്നിവ പ്രകാരമാണെന്ന് ഉറപ്പാക്കുന്ന ചുമതലയാണ് നിക്ഷിപ്തമായിരിക്കുന്നത്.

(ബി) എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly